പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ആറളം ഫാമുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇതിനകം തന്നെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ, പ്രൊഫ. എ. ഡി. മുസ്തഫ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ആളുകളുമായി 5 പ്രാവശ്യം ചർച്ചകൾ നടത്തി. വി.ആർ.എസ്. ഉൾപ്പെടെ അവർ ആവശ്യപ്പെട്ടതിൽ കൂടുതൽ ആനുകൂല്യങ്ങൾ ഒരു കാലത്തും ഒരു ഗവൺമെന്റും നൽകാത്ത രീതിയിൽ നൽകിയിട്ടുണ്ട്. ഇടക്കാലാശ്വാസം എന്ന നിലയിൽ മാസം 325 രൂപ നല്കുകയും ചെയ്തിട്ടുണ്ട്. ഈ ഫാം ഉണ്ടായതിനു ശേഷം 150 രൂപയേ ഇതുവരെ ഇടക്കാലാശ്വാസമായി കൊടുത്തിട്ടുള്ളൂ. ഇപ്പോൾ ഉണ്ടായ തൊഴിൽ സമരവുമായി ബന്ധപ്പെട്ട് അവരോട് സംസാരിക്കുകയും അവർ ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനിയും ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്. ആദിവാസികൾക്കുവേണ്ടി 42 കോടി രൂപ ചെലവഴിച്ച് വാങ്ങിയ ഭൂമി ചെറിയ തൊഴിൽ തർക്കങ്ങൾ കാരണം പലപ്പോഴും നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അത് നൽകുന്നതിന് തൊഴിലാളികളുടെ സഹായവും പിൻതുണയും ആവശ്യമാണ്.

## IV. (a) ക്രമപ്രശ്നം

### ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ നിയമസഭാ ചട്ടം 26 മുതൽ 47 വരെ ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകളാണ്. വളരെ പ്രധാനപ്പെട്ടതാണ് നമ്മുടെ ചോദ്യോത്തര വേള. അത് ഇപ്പോൾ പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇത് പറയാൻ കാരണം, സ്റ്റാറ്റിസ്റ്റിക്സ് നോക്കി. ഈ സഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ മാത്രം നോട്ടീസ് കൊടുത്ത ചോദ്യങ്ങൾ 9114 ആണ്. അതിൽ അഡ്മിറ്റഡ് 8733. സഭ പിരിയുന്നതുവരെ, 12-8-2005 വരെ ഉത്തരം കിട്ടിയത് 3759 ആണ്. അതിനുശേഷം ഇപ്പോൾ മുമ്പ് അങ്ങയുടെ സ്ഥാനത്തിരുന്ന പ്രഗൽഭരായ സ്പീക്കർമാർ വിവിധ ഘട്ടങ്ങളിൽ നൽകിയ റൂളിംഗിനെത്തുടർന്ന് ഉത്തരം ബന്ധപ്പെട്ട അംഗങ്ങൾക്ക് തപാൽ വഴി അയച്ചു കൊടുക്കുകയാണ്. ഇപ്പോൾ എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഉത്തരം കഴിഞ്ഞ രണ്ടുമൂന്ന് സമ്മേളനങ്ങൾക്കു മുമ്പുള്ളതാണ്. അതിന്റെ രേഖകൾ എന്റെ കൈയിലുണ്ട്. ഇത് ഇങ്ങനെ തുടർന്നുകൊണ്ടേ ഇരിക്കുകയാണ്. ഇപ്പോഴാണെങ്കിൽ ഇതുവരെ 929 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും 131 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഇവിടെ വന്നു. അതിൽ 200 ഓളം ചോദ്യങ്ങൾക്ക് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. മറുപടി നൽകിയതിൽ നൂറോളം മറുപടികൾ വളരെ ആശ്ചര്യപ്പെടുത്തുന്നതാണ്. ആ ചോദ്യങ്ങൾക്കുള്ള ഉത്തരമാകട്ടെ 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ളതാണ്. ലോക്കപ്പിലെ കൊല, പിടിച്ചുപറി, കവർച്ച, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, വർഗ്ഗീയ സംഘട്ടനങ്ങൾ, ആരാധനാലയങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, ആത്മഹത്യ, കൊലചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ, സർക്കാർ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരിലെടുത്തിട്ടുള്ള കേസ്, പി.എസ്.സി. വഴിയുള്ള നിയമനങ്ങളെത്ര തുടങ്ങിയ ചോദ്യങ്ങൾക്കുള്ള മറുപടി 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ളതാണ്. ബഹുമാനപ്പെട്ട വക്കം, ഇവിടെ ഒരു ഉത്തരം നിങ്ങൾ പറയുകയും ചെയ്തു. പക്ഷെ ചോദ്യം രേഖാമൂലം ചോദിച്ചാൽ ഉത്തരം കിട്ടുന്നില്ല. അപ്പോൾ ശ്രീ. വക്കം പറഞ്ഞതാണോ ശരി, ചോദ്യങ്ങൾ ചോദിച്ചുകഴിഞ്ഞാൽ വിവരം ശേഖരിച്ചുവരുന്നു എന്നുള്ള മറുപടിയാണോ ശരി. അതുപോലെ പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി എത്രയാണ് എന്നുള്ളതാണ് ചോദ്യം, അത് നിലവിലുള്ള ചട്ടമനുസരിച്ച് പറയാവുന്നതേയുള്ളൂ. വിവരം ശേഖരിച്ചുവരേണ്ട കാര്യമില്ല. താൽക്കാലിക നിയമനങ്ങളെത്ര? ബഹുമാനപ്പെട്ട ബാബു ദിവാകരൻ—നമ്മുടെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ കഴിഞ്ഞ 2001 മുതൽ ഇങ്ങോട്ടുള്ള ഓരോ വർഷവും താൽക്കാലിക ജീവനക്കാരെ എത്രപേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എടുത്തു എന്നുള്ളതിന്റെ സ്റ്റാറ്റിസ്റ്റിക്സ് നിങ്ങൾ കൊടുത്തു. പക്ഷെ അംഗങ്ങൾ ചോദ്യം ചോദിച്ചാൽ ചോദ്യത്തിന് മറുപടിയില്ല. മുഖ്യമന്ത്രിക്കുള്ള അൺസ്റ്റാർഡ് ചോദ്യം നമ്പർ 19: യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ, അതിൽ എത്ര ആളുകളെയാണ് സ്ഥിരപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ? ഇങ്ങനെ ബഹുമാനപ്പെട്ട ബാബു ദിവാകരൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ താൽക്കാലിക നിയമനം സർക്കാർ സർവ്വീസിൽ എടുക്കാൻ ഏതാണ് വ്യവസ്ഥ? എന്നാൽപ്പിന്നെ ആ ഉത്തരം നൽകിക്കൂടെ? അപ്പോൾ ചോദ്യത്തിന് നിങ്ങൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ വച്ച് വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി തരുന്നത്. ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുന്നതല്ല. നിങ്ങളൊന്ന് സീരിയസായി പരിശ്രമിച്ചാൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും മേധാവികളുമായിട്ടുള്ള ആളുകളും ഈ സഭയോട് കാണിക്കേണ്ടുന്ന ഉത്തരവാദിത്വം നിർവഹിക്കാത്ത പ്രശ്നം ബോദ്ധ്യമാകും. ഈ സഭ 24-ന് പിരിയുകയാണ്. 24-ന് പിരിഞ്ഞാൽ ഇത് തപാൽ വഴി കൊടുക്കും. തപാൽ വഴി അയയ്ക്കുമ്പോഴേക്കും ഈ സഭയിലുള്ള പല അംഗങ്ങളും അംഗങ്ങൾ അല്ലാതാകും. അംഗങ്ങൾ അല്ലാത്ത ആളുകൾക്ക് ഉത്തരം നൽകലാകും ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് വളരെ സീരിയസായിട്ടുള്ള കാര്യമാണ് ഞാൻ അങ്ങയോട് പറയുന്നത്. ഈ സഭാ സമ്മേളനം പിരിയുന്നതിനു മുമ്പ് ഈ നിയമസഭയുടെ ഒന്നാം സമ്മേളനം മുതൽ ഈ സമ്മേളനം വരെ അംഗങ്ങൾ ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും ഇവിടെ ഉത്തരം നൽകുമെന്ന് ഉറപ്പുണ്ടാകണം. അതിന് അങ്ങയുടെ ഒരു റൂളിംഗ് ഉണ്ടാകണം. അതിന് ഒരു പ്രത്യേക സെക്ഷൻ മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചാലും തെറ്റില്ല. നിയമസഭയോടുള്ള ബാദ്ധ്യത ഈ ഗവൺമെന്റ് നിർവ്വഹിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ള ഉത്തരം ഞങ്ങൾക്ക് കൃത്യമായി കിട്ടുന്നുണ്ട്. എനിക്ക് 42 ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചു വരുന്നു എന്നാണ് ഉത്തരം ലഭിച്ചത്. വിവരം ശേഖരിച്ചുവരുന്നു എന്നുപറഞ്ഞാൽ 12 ദിവസം കൊടുത്തിട്ട് കിട്ടാത്ത വിവരം പിന്നെ ശേഖരിച്ചുവരുന്നു എന്നാണല്ലോ. ഇതിന് എത്ര കാലാവധിയുണ്ട്. വിവരം ശേഖരിച്ചുവരുന്നു എന്ന് പറഞ്ഞാൽ ആ വിവരം ശേഖരിച്ച് അംഗങ്ങളെ എത്ര കാലാവധിയ്ക്കുള്ളിൽ അറിയിക്കണം. അതിന് അങ്ങയുടെ ഭാഗത്തുനിന്ന് ഒരു റൂളിംഗ് ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അങ്ങേക്ക് ഒരു കത്ത് എഴുതിത്തന്നിരുന്നു. എനിക്ക് ഇതിൽ സപ്ലിമെന്ററിയായി ഒന്നും പറയാനില്ല. മന്ത്രി പറയുമ്പോൾ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 24: വളരെ ഈസിയായി നമുക്ക് തരാൻ പറ്റുന്ന ഒരു കാര്യം പറയാം. മന്ത്രിമാർ ആരൊക്കെ വിദേശയാത്ര നടത്തിയിട്ടുണ്ട്? ഇതാണ് ചോദ്യം. മറുപടി: എല്ലാപേരും നടത്തിയിട്ടുണ്ട്. അവരുടെ പേരുണ്ട്, ഓരോ മന്ത്രിയും എന്ത് ആവശ്യത്തിനുവേണ്ടിയാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചത്? സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം? മറുപടി: വിവരം ശേഖരിച്ചുവരുന്നു. മന്ത്രിമാർക്ക് കൊടുക്കാവുന്ന വിവരമാണ് ഓരോ മന്ത്രിയും വിദേശയാത്രയ്ക്ക് ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ എന്നുള്ള ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നു. ഇത് സെക്രട്ടേറിയറ്റിൽ നിന്നുമാത്രം ശേഖരിക്കാവുന്ന വിവരമാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കഴിയുന്നതും കൂടുതൽ ചോദ്യത്തിന് ഉത്തരം നൽകണമെന്ന് നിർബന്ധമുണ്ട്. അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. ഇന്ന് എന്റെ കൈവശമുള്ളത് ഈ സമ്മേളനത്തിന്റെ വിവരങ്ങൾ മാത്രമാണ്. ഈ സമ്മേളനകാലത്ത് ഇതുവരെ സ്റ്റാർഡ് ക്വസ്റ്റ്യൻ ആകെ വന്നത് 131 ആണ്. ആ 131 സ്റ്റാർഡ് ക്വസ്റ്റ്യനും ആൻസർ കൊടുത്തിട്ടുണ്ട്. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ വന്നത് 929 ആണ്. ഇതിൽ 131 ചോദ്യങ്ങൾക്കാണ് ഉത്തരം കൊടുക്കാൻ താമസിച്ചത്. 131 ചോദ്യത്തിൽ 92 ചോദ്യവും ഇന്നത്തേതാണ്. ഇന്ന് എങ്ങനെ ഇത്രയും വന്നു എന്നുള്ളത് അന്വേഷിക്കാം. ആകെ 166 ചോദ്യമുണ്ടായിരുന്നതിൽ 92 എണ്ണത്തിന് ഉത്തരം കിട്ടിയില്ല. ബാക്കിയുള്ള ചില ദിവസങ്ങളിലൊക്കെ പത്തിരുന്നൂറ് ചോദ്യമുണ്ടായിട്ടും ഒന്നിനൊക്കെയാണ് ഉത്തരം കിട്ടാതിരുന്നിട്ടുള്ളത്. 798 ചോദ്യം വന്നതിൽ, ഈ സഭയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൂടുന്ന ഈ സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ഈ 131-ഉം, 92-ഉം ഇന്നത്തെ ഇഷ്യു ആണ്. ഇന്നൊരു ദിവസമാണിങ്ങനെ വന്നത്. 20 ചോദ്യത്തിനുപോലും ഉത്തരം തരാതിരുന്നിട്ടില്ല. പല ദിവസവും ഓരോന്നിനാണ് മറുപടി ലഭിക്കാത്തത്

ശ്രീ. ടി. എം. ജേക്കബ്: വിവരം ശേഖരിച്ചുവരുന്നു എന്നുള്ളത് ആൻസർ ആയിട്ടാണ് വരുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: കേരളത്തിൽ എത്രപേർ താൽക്കാലിക ജീവനക്കാരായി പണിയെടുക്കുന്നു എന്നുള്ളതാണ് ഇപ്പോൾ ഇവിടെ ചോദ്യം വായിച്ചത്. കേരളത്തിൽ മുഴുവൻ എത്ര സ്ഥലത്ത് താൽക്കാലിക ജീവനക്കാരുണ്ടെന്ന് പെട്ടെന്ന് പറയാൻ പറ്റുമോ? വിവരം ശേഖരിക്കാതെ പറയാൻ പറ്റുമോ? അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അങ്ങനെ ഒന്നും കണ്ടിട്ടില്ല. ഇന്നത്തെ ഈ 92 എണ്ണം എങ്ങനെ വന്നു എന്നുള്ളത് ഗവൺമെന്റ് നോക്കാം.

മി. സ്പീക്കർ: ശ്രീ. ജയരാജൻ, പ്ലീസ് ..... അങ്ങ് കാര്യം പറഞ്ഞല്ലോ.

ശ്രീ. എം. വി. ജയരായൻ: അങ്ങ് പറയേണ്ട കാര്യം, അങ്ങ് ഈ ഫ്ളോറിൽ മറുപടി പറഞ്ഞു. കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷൻ വഴി എത്ര നിയമനം നടത്തി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര നിയമനം നടത്തി എന്നുള്ള സ്റ്റേറ്റിലെ നമ്പർ അങ്ങ് പറഞ്ഞു. എന്നിട്ട് എന്റെ ചോദ്യത്തിന്, അതായത് കേരളത്തിൽ ആകെ എത്ര നിയമനങ്ങൾ എന്നതിന് മറുപടി എങ്ങനെയെടുക്കുമെന്ന് പറഞ്ഞത് അങ്ങേക്ക് ഭൂഷണമാണെങ്കിലും അത് സഭയ്ക്ക് നല്ലതല്ല. താൽക്കാലികാടിസ്ഥാനത്തിലുള്ളതുതന്നെ അങ്ങ് പറഞ്ഞു, ഇക്കണോമിക് റവ്യൂ റിപ്പോർട്ടിൽ ഇതിന്റെ കണക്കുണ്ട്.

## (b) റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ പ്രവർത്തനത്തിൽ ചോദ്യോത്തരത്തിന്റെ പ്രാധാന്യം പ്രത്യേകം എടുത്തു പറയേണ്ടതായിട്ടില്ല. മെമ്പർമാരുടെ അവകാശമാണിത്. കാലാകാലങ്ങളിൽ ചോദ്യങ്ങളുടെ എണ്ണം വർദ്ധിച്ചു, അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ട് സർക്കാർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ചോദ്യങ്ങൾ പരിമിതപ്പെടുത്തുകയും അതിന് കൃത്യമായി മറുപടി നൽകാമെന്ന ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് പരിമിതപ്പെടുത്തിയിട്ടുള്ളത്. ഈ സെഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. എനിക്ക് കിട്ടിയ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽ സ്റ്റാർഡ് ക്വസ്റ്റ്യൻ 131-നും ഉത്തരം ലഭ്യമായിട്ടുണ്ട്. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 929-ൽ 798 എണ്ണം കിട്ടി, 131 എണ്ണം കിട്ടാതെയുണ്ട്. കുറേയെണ്ണം ഇന്ന് വൈകുന്നേരമാകുമ്പോൾ കിട്ടിയെന്നുവരും. ഈ സെഷനെ സംബന്ധിച്ചിടത്തോളം ഉത്തരം കിട്ടിയെന്നത് ശരിയാണ്. പിന്നെ ഉത്തരങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ച് ഇന്നയിന്ന രീതിയിൽ ഉത്തരം പറയണമെന്ന് ചെയറിന് പറയാൻ കഴിയുകയില്ല. പക്ഷെ ഒരു കാര്യം വ്യക്തമാണ്. ചോദ്യം ചോദിക്കുന്നതിന്റെ ഉദ്ദേശത്തെ ശരിക്കും ഫലപ്രദമാകത്തക്കവിധം പരമാവധി വസ്തുതകൾ വിശദീകരിച്ചുകൊണ്ടുള്ള ഉത്തരം സാങ്കേതികത്വത്തിൽ പിടിച്ചു നിൽക്കാതെ ലഭ്യമാക്കേണ്ടതാണ്. പഴയത് കുറെ ബാക്കിയുണ്ട് എന്നുള്ളത് സത്യമാണ്. അത് കാലാകാലമായി നിൽക്കുന്ന ഒരു കാര്യമാണ്. കഴിഞ്ഞ സഭയിലെ തന്നെ ചില ഉത്തരങ്ങൾ എനിക്ക് ഇപ്പോൾ കിട്ടുന്നുണ്ട് എന്നത് ഒരു സത്യമാണ്. അതൊരു എക്സ്ക്യൂസല്ല. ഏതായാലും എന്റെ മുൻഗാമികളായിട്ടുള്ള ആളുകളടക്കം കാലാകാലങ്ങളിൽ ഇവിടെ നടത്തിയിട്ടുള്ള റൂളിംഗ് ആവർത്തിച്ചതുകൊണ്ട് വലിയ കാര്യമൊന്നുമില്ല. പക്ഷേ അതിന്റെ സ്പിരിറ്റ് ശരിക്കും ഉൾക്കൊള്ളണം. ഈ അഞ്ച് കൊല്ലക്കാലത്തെ ചോദ്യങ്ങളുടെ കാര്യത്തിൽ പരമാവധി എണ്ണത്തിന് തക്ക സമയത്തു തന്നെ മറുപടി കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മന്ത്രിമാർ വകുപ്പു മേധാവികളോട് കർശനമായി ആവശ്യപ്പെടുകയും വേണം. അങ്ങനെ അംഗങ്ങളുടെ അവകാശം പരിരക്ഷിക്കേണ്ടത് എല്ലാപേരുടേയും ഉത്തരവാദിത്വമാണ്. കാരണം ഇന്നു മറുപടി പറയേണ്ടവർ നാളെ ചോദ്യം ചോദിക്കും. ഇന്ന് ചോദ്യം ചോദിക്കുന്നവർ ചിലപ്പോൾ മറിച്ചും ആകാം. ഇത് എല്ലാപേർക്കും ബാധകമായ ഒരു കാര്യമാണ്.

GPM. 2/152/2013---24

LIBRARY ARCHIVES Kerala Legislative Assembly